ദ്രാവിഡന്റെ പശു: അബ്ദുള്ള സാഹിബിന്റെ വിവർത്തനം

ഹിരണ്യ

2015 ഏപ്രിൽ
വില 20


ബ്രാൻഡിംഗ് ഇന്ത്യ

ഒന്നിരുട്ടി വെളുക്കുമ്പോഴേക്കും ഇന്ത്യ ബലാത്സംഗങ്ങളുടെ നാടായി മാറിയതെങ്ങനെ? ആരാണ് ഇന്ത്യയെ ബ്രാൻഡു ചെയ്യുന്നത്?

ആചാര്യ എം.ആർ. രാജേഷ് എഴുതുന്നു...

പശുവില്ലെങ്കിൽ ഭൂമിയിൽ ജീവനില്ല..!

കെ.എം. ഹിലാൽ



ജിന്ന... ആധുനിക ഇന്ത്യയിലും

തുഫെയ്ൽ അഹമ്മദ്

ആധുനിക ഇന്ത്യയുടെ ജിന്ന


തുഫെയ്ൽ അഹമ്മദ്

മതമൗലികവാദത്തെയും മതഭ്രാന്തിനെയും സമർഥമായി ഉപയോഗിച്ച മുഹമ്മദലി ജിന്നക്ക് ആധുനിക ഇന്ത്യയിൽ ഒരു പുതിയ പിൻഗാമിയെ ലഭിച്ചിരിക്കുന്നു. ഹൈദരാബാദ് എം.പിയായ അസദുദ്ദീൻ ഒവെയ്സി. ലോകത്തു ജനിക്കുന്ന എല്ലാവരും മുസ്ലീങ്ങളായാണ് ജനിക്കുന്നത്. പിന്നീടാണവർ വിവിധ മതങ്ങളിലേക്ക് മതം മാറുന്നത് എന്ന ഒവെയ്സിയുടെ പ്രസ്താവന ഏറെ വിവാദമായിരുന്നു.



ജനങ്ങളുടെ താല്പര്യങ്ങളെ മുൻ നിർത്തി പ്രവർത്തിക്കുന്നതിന് പകരം രാഷ്ട്രീയവും നിയമപരവുമായ മാർഗ്ഗങ്ങളിലൂടെ പൊതു ജീവിതത്തിൽ ഇസ്ലാമിക ലക്ഷ്യങ്ങളെ വളർത്തിയെടുക്കാൻ ശ്രമിക്കുന്നവരാണ് ഇസ്ലാമിസ്റ്റുകൾ. ഇന്ത്യാവിഭജനത്തിലേക്ക് നയിച്ച നാളുകളിൽ, ഇന്ത്യൻ മുസ്ലീങ്ങൾക്ക് ഒരു പ്രത്യേക ഭൂപ്രദേശം വേണമെന്ന ആവശ്യം മുഹമ്മദലി ജിന്ന ഉന്നയിച്ചുകൊണ്ടിരുന്നു. ഇന്ന് 80 വർഷങ്ങൾക്കുശേഷം അസദുദ്ദീൻ ഒവെയ്സിയും മറ്റു ഇസ്ലാമിസ്റ്റുകളും ആവശ്യപ്പെടുന്നത് മുസ്ലീങ്ങൾക്ക് സർക്കാർജോലികളിലുംവിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രത്യേകകാട്ടതന്നെ വേണമെന്നാണ്. ഈ രാഷ്ട്രീയക്കളി മുസ്ലീങ്ങൾക്കുവേണ്ടിയാണ്. പക്ഷേ അതിന്റെ മാനദണ്ഡം ഇസ്ലാമികവാദമാണ്. ഒവൈസിയുടെ ഓൾ ഇന്ത്യാ മജ്ലിസ് - ഇ - ഇത്തെ ഹാദുൽ മുസ്ലിമീൻ എന്ന സംഘടനക്ക് സ്വന്തമായി ഒരു നിയമസഭാ മണ്ഡലം തന്നെയുള്ള മഹാരാഷ്ട്രയിൽ, ജോലി സംവരണത്തിന് വേണ്ടി ഒന്നിക്കാൻ മുസ്ലീങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് ആഴ്ചതോറും പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നു.

മുസ്ലീങ്ങൾ തഴയപ്പെടുന്നതിന് എതിരെയാണ് ഈ ആവശ്യങ്ങൾ ഉന്നയിക്കപ്പെടുന്നത് എങ്കിലും, പ്രായോഗികമായി ഈ പരിപാടികളെല്ലാം ഒരുപ്രത്യേക രാഷ്ട്രീയലക്ഷ്യത്തെ മുന്നോട്ട് വെക്കുന്നുണ്ട്. ഈ ആവശ്യങ്ങളുടെ ഗുണഭോക്താവാകണമെങ്കിൽ ഇസ്ലാമിൽ വിശ്വസിക്കണം എന്നതാണത്. തങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ നിഷേധി



മുഹമ്മദലി ജിന്ന

ജിന്നയുടെ രാഷ്ട്രീയത്തിന്റെ ചാലകശക്തി ഇസ്ലാം ആയിരുന്നു, ഒവെയ്സിയുടേതും അങ്ങിനെത്തന്നെ. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒവെയ്സിചെയ്തുകൂട്ടുന്നതെന്താണെന്നറിയാൻ ദ്വിരാഷ്ട്രവാദത്തെക്കുറിച്ച് നാം മനസ്സിലാക്കണം. രാഷ്ട്രീയത്തിൽ ഇസ്ലാമിന്റെ പങ്ക് വ്യക്തമാക്കാത്തരീതിയിൽ കാപട്യത്തിന്റെ മൂടുപടമണിഞ്ഞ സങ്കല്പമാണ് ദ്വിരാഷ്ട്രവാദം.



അസദുദ്ദീൻ ഒവെയ്സി

ക്കപ്പെട്ടിരിക്കയാണ് എന്ന് ഇവിടുത്തെ മുസ്ലീങ്ങളെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്, നിർഭാഗ്യവശാൽ, ഇന്ത്യയിലെ ഇസ്ലാമിക് ലോബി. ഒവൈസിയും ജമായത്ത് ഉലേമ- ഇ- ഹിന്ദിന്റെ ഇസ്ലാമികവാദികളും ചേർന്ന് നിയന്ത്രിക്കുകയും മണിശങ്കരഅയ്യരെപോലെ മുസ്ലീങ്ങളല്ലാത്ത പ്രശസ്തമായ രാഷ്ട്രീയക്കാർ പിന്താങ്ങുകയും ചെയ്യുന്ന ഇസ്ലാമിക് ലോബി. പക്ഷേ ഇത് തികച്ചും വാസ്തവവിരുദ്ധമാണ് OBC (Other Backward Class) മുസ്ലീങ്ങൾക്ക് ഇപ്പോൾതന്നെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പക്ഷേ, പാവപ്പെട്ടവനുമാത്രമല്ല, ഇസ്ലാം വിശ്വാസികളായ എല്ലാവർക്കും സംവരണാനുകൂല്യം നല്കണമെന്നാണ് ഒവെയ്സിയുടെ രാഷ്ട്രീയം ആവശ്യപ്പെടുന്നത്. ജനങ്ങളല്ല, മറിച്ച് ഇസ്ലാമാണ് ഒവെയ്സിയുടെ മാനദണ്ഡം. മുഹമ്മദലിജിന്നക്കും അങ്ങനെതന്നെയായിരുന്നു. RSS മേധാവി മോഹൻ ഭഗവത് ഹിന്ദുത്വത്തെ കാണുന്നത് എങ്ങിനെയാണ് എന്നത് അപ്രസക്തമായ കാര്യമാണ്. പക്ഷേ ഫലത്തിൽ, ഹിന്ദുത്വം എന്നത് ഹിന്ദുമതത്തിന്റെ സാർവ്വലൗകികതയെ എതിർക്കുന്ന ഒരു വർഗ്ഗീയ ചിന്താശക്തിയായി കണക്കാക്കപ്പെട്ടു.

''എല്ലാവരും മുസ്ലീമായി ജനിക്കുന്നു. പിന്നീടാണ് അവർ മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നത്.'' ഹിന്ദുത്വനേതാക്കളെ ചൊടിപ്പിക്കാനുള്ള ഒവെയ്സിയുടെ ഈ സമീപകാലപ്രസ്താവന പലരേയും അദ്ഭുതപ്പെടുത്തിയിട്ടുണ്ടാകാമെങ്കിലും ഇസ്ലാംപണ്ഡിതൻമാർ പഠിപ്പിച്ചുവരുന്ന സുപരിചിതമായ ഒരു വാദമാണിത്. ഹിന്ദുത്വസംഘടനകൾ ഒരു പ്രേരകശക്തിയായി വർത്തിച്ചിട്ടില്ലെങ്കിൽതന്നെ മുസ്ലീങ്ങൾക്ക് മതാധിഷ്ഠിതമായ ഒരു പ്രാതിനിധ്യ രാഷ്ട്രീയം വളർത്തിയെടുക്കുക എന്നതാണ് ഒവെയ്സിയുടെ ലക്ഷ്യം. മുഹമ്മദലിജിന്ന പാക്കിസ്ഥാനിലെ മുസ്ലീങ്ങളുടേയും അമുസ്ലീങ്ങളുടേയും ഭാവിതകർത്തതുപോലെ ഇന്ത്യൻ മുസ്ലീങ്ങളുടെ ഭാവി തകർക്കുന്നതാണ് ഒവെയ്സിയുടെ രാഷ്ട്രീയം. പലതുകൊണ്ടും, ആധുനികഇന്ത്യയിലെ ജിന്നയാണ് ഒവെയ്സി എന്നു പറയാം. ജിന്നയായാലും ഒവെയ്സിയായാലും അൽഖയ്ദപോലുള്ള ജിഹാദിസ്റ്റ് ഗ്രൂപ്പുകളായാലും എല്ലാ കാര്യങ്ങളിലും മുസ്ലീങ്ങളെ അമുസ്ലീങ്ങളിൽ നിന്നും വേർതിരിച്ചുകാണാനുള്ള പ്രവണത ഇസ്ലാം ചിന്താഗതിയിൽ നിന്ന് ഉടലെടുത്തതാണ്. ഇസ്ലാം പഠിപ്പിക്കുന്നത് സഹവർത്തിത്വമാണ് എന്ന വാദത്തിൽ ഇസ്ലാമിനെ പിന്തുണക്കുന്ന ഒരുപാട് സ്വതന്ത്രഎഴുത്തുകാരുണ്ട്.

നിനക്ക് നിന്റെ മതം എനിക്ക് എന്റേത് എന്ന ഖുറാൻ വാക്യമാണ് അവർ ചൂണ്ടികാണിക്കുന്നത്. ഐക്യവും ബഹുസ്വരതയുമല്ല മറിച്ച് അമുസ്ലീങ്ങളെ വിഭിന്നരായികാണാനാണ് ഈ ഖുറാൻ വചനം പഠിപ്പിക്കുന്നത്. ഐക്യത്തോടെ ഒരുമിച്ച് ജീവിക്കുവാൻ പ്രവാചകനായ മുഹമ്മദിനെ മെക്കയിലെ അമുസ്ലീങ്ങൾ ക്ഷണിച്ചപ്പോഴാണ് മേൽപ്പറഞ്ഞ

“കഴിഞ്ഞ ആയിരത്താുകളായി മുസ്ലീങ്ങളെ തകർക്കാൻ ആർക്കും സാധിച്ചിട്ടില്ല.”

“ഹിന്ദുക്കളുടെ അടിമകളായി ജീവിക്കാൻ മുസ്ലീങ്ങളെ ഞാൻ ഒരിക്കലും അനുവദിക്കുകയില്ല.”

“ഹിന്ദുക്കൾ ആരാധിക്കുന്ന പശുവിനെ മുസ്ലീങ്ങൾ തിന്നുന്നു. ഹിന്ദുക്കൾ നിന്ദിക്കുന്ന വില്ലൻമാരെ മുസ്ലീങ്ങൾ സംപൂജ്യരായി കണക്കാക്കുന്നു.”

– ജിന്ന

വെളിപ്പെടുത്തലുണ്ടായത്. അവരുടെ അഭ്യർത്ഥന നിരസിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: ''നിങ്ങൾക്കു നിങ്ങളുടെ മതം എനിക്ക് എന്റേത് ''

ജിന്നയുടെ രാഷ്ട്രീയത്തിന്റെ ചാലകശക്തി ഇസ്ലാം ആയിരുന്നു, ഒവെയ്സിയുടേതും അങ്ങിനെത്തന്നെ. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒവെയ്സി ചെയ്തുകൂട്ടുന്നതെന്താണെന്നറിയാൻ ദ്വിരാഷ്ട്രവാദത്തെക്കുറിച്ച് നാം മനസ്സിലാക്കണം. രാഷ്ട്രീയത്തിൽ ഇസ്ലാമിന്റെ പങ്ക് വ്യക്തമാക്കാത്തരീതിയിൽ കാപട്യത്തിന്റെ മൂടുപടമണിഞ്ഞ സങ്കല്പമാണ് ദ്വിരാഷ്ട്രവാദം. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരുമിച്ച് ജീവിക്കാൻ കഴിയില്ല എന്നതാണ് ദ്വിരാഷ്ട്രവാദത്തിന്റെ അർത്ഥം എന്നതാണ് പൊതുവേയുള്ള ധാരണയും വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു വരുന്ന കാഴ്ചപ്പാടും. എന്നാൽ വാസ്തവത്തിൽ ഇത് വെറും ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള പ്രശ്നമല്ല. മുസ്ലീങ്ങൾക്ക് അമുസ്ലീങ്ങളുമായി ഇടപഴകി ജീവിക്കാൻ സാധ്യമല്ല എന്ന ഇസ്ലാമിക് ആശയങ്ങളാണ് അതിന്റെ അടിസ്ഥാനം. അമുസ്ലീങ്ങളെ സംരക്ഷിക്കുന്ന മഹത്തായ മതമാണ് ഇസ്ലാം എന്ന് ഇസ്ലാമിക മതപണ്ഡിതൻമാർ നമ്മോട് പറയുന്നു. പക്ഷേ, അവർ നമ്മോട് പറയാത്ത ഒരു കാര്യമുണ്ട്. ഇസ്ലാമിക ഭരണത്തിന്റെ കീഴിൽ രണ്ടാംകിടപൗരൻമാരായി ജീവിക്കുമ്പോൾ മാത്രമേ അമുസ്ലീങ്ങളെ ഇസ്ലാം സംരക്ഷിക്കുന്നുള്ളൂ എന്നതാണത്.

ജിന്ന മതേതരവാദിയായിരുന്നു, പക്ഷേ എക്കാലത്തും അങ്ങിനെയായിരുന്നില്ല. ഉർദു കവി മുഹമ്മദ് ഇഖ്ബാൽ ആണ് ജിന്നയെ ഇസ്ലാമിസം പഠിപ്പിച്ചത്. ഇഖ്ബാലിന്റെ ഉർദുവിലെ ഈരടികൾ ശ്രദ്ധിക്കുക.

ഹസാരോം സാൽ നർഗിസ് അപ്നി ബേനൂരി പേ രോത്തിഹെ ബഡി മുശ്കിൽ സേ ഹോത്താഹൈ ചമൻമേ ദീദാവർ പൈദാ

(സഹസ്രാബ്ദങ്ങളായി നർഗീസ് പുഷ്പം തന്റെ വർണ്ണരാഹിത്യത്തെക്കുറിച്ച് വിലപിച്ചു കൊണ്ടിരിക്കുകയാണ്. ശരിയായ കാഴ്ചപ്പാടുള്ള ഒരു പുഷ്പം ഏറെ പണിപ്പെട്ടാണ് ഇന്ന് ഈ പൂന്തോപ്പിൽ വിരിഞ്ഞത്.) ഇസ്ലാമിക് സ്റ്റേറ്റിന് വേണ്ടി പ്രവർത്തിക്കുവാൻ പാകത്തിൽ ജിന്നയെ മാറ്റിയെടുക്കുവാൻ കഴിഞ്ഞ തന്റെ വിജയത്തെക്കുറിച്ചാണ് ഇഖ്ബാൽ ഈ വരികളിൽ പരാമർശിക്കുന്നത് എന്ന് ദക്ഷിണേഷ്യയിലെ പണ്ഡിതൻമാരൊക്കെ സമ്മതിക്കുന്നു. ഇക്കാര്യം അക്ബർ എസ്. അഹ്മദ്, (ജിന്നയും പാകിസ്താനും ഇസ്ലാമിക സ്വത്വവും) സലാഡീനുവേണ്ടിയുള്ള അന്വേഷണം എന്ന പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. ഒവെയ്സിയുടെ അന്തിമരാഷ്ട്രീയ ലക്ഷ്യവും ജിഹാദിസ്റ്റ് നേതാവായ അബൂബക്കർ അൽബാഗ്ദാദി ഉയർത്തിപ്പിടിക്കുന്ന

മുസ്ലീം യുവാക്കളെ ജിഹാദികളാക്കിമാറ്റാൻ മതമൗലികവാദത്തിന് വളക്കൂറുള്ള മണ്ണായ ഹൈദരാബാദിലും മുംബൈയിലുമാണ് ഒവൈയ്സിയുടെ ഇസ്ലാമികവാദം തഴച്ചുവളരുന്നത്. പാക്കിസ്ഥാന്റെ സൃഷ്ടിയോടെ ശാശ്വതമായ സമാധാനം കൈവരിച്ചു എന്ന് നാം ആശ്വസിച്ചതാണ്, എന്നാൽ ജിന്നയുടെ രാഷ്ട്രീയത്തെ അപകടകരമായ വിധം പുനർജ്ജീവിപ്പിക്കുകയാണ് ഇപ്പോൾ ഒവെയ്സി ചെയ്യുന്നത്.

ആർ.എസ്.എസ്. ഒരു ബാച്ചിലർ ക്ലബ്ബ് : അക്ബറുദ്ദീൻ ഒവൈയ്സി



ഒവെയ്സി സഹോദരൻമാർ എന്നും വിവാദങ്ങളുടെ കളിത്തോഴരാണ്. രാജ്യത്തെ എല്ലാ താലൂക്കിലും തങ്ങൾക്കെതിരെ ഒരുകേസെങ്കിലും ഉണ്ടായിക്കാണാൻ ആഗ്രഹിക്കുന്നുണ്ട് അവരെന്നുതോന്നും. അത്തരത്തിലാണ് ഈ സഹോദരൻമാരുടെ വാക്കും പ്രവൃത്തിയും. ജ്യേഷ്ഠൻ ഒവെയ്സിയുടെ പ്രിയപ്പെട്ട അനുജനാണ് അക്ബറുദ്ദീൻ. 2013 ൽ ഇദ്ദേഹത്തിന്റെ ഒരു പ്രസ്താവന രാജ്യവ്യാപകമായ പ്രതിഷേധത്തിന് കാരണമായി. ഇതാണ് അദ്ദേഹം പറഞ്ഞത്. ''ഹേ ഹിന്ദുസ്ഥാൻ നിങ്ങൾ 100കോടി പേരാണ് ഞങ്ങൾ 25 കോടിയും. നിങ്ങൾ ഞങ്ങളേക്കാൾ എത്രയോ ഇരട്ടിയാണ്. വെറും 15 മിനുട്ടിന് പോലീസിനെ മാറ്റിനിർത്തൂ. ഞങ്ങൾ കാണിച്ചുതരാം ആർക്കാണ് ശക്തിയെന്ന്. ആണത്തമില്ലാത്തവരുടെ പടയാണ് മുസ്ലീങ്ങളെ നേരിടാൻ വരുന്നത്''. യൂട്യൂബിൽ പ്രസംഗത്തിന്റെ വീഡിയോ ഇപ്പോഴുമുണ്ട്. പക്ഷേ ഈ പാവത്തിനോട് കേരളത്തിലെ മതേതരൻമാർക്കും പുരോഗമനക്കാർക്കും വാത്സല്യമാണ്. അതു കൊണ്ടുതന്നെ ചിന്ന ഒവെയ്സിയുടെ പ്രസ്താവന ചർച്ചയായില്ല.

ചിന്നൻ പുതിയ പ്രസ്താവനയായി ഇപ്പോൾ വന്നിട്ടുണ്ട്. ''ആർ.എസ്.എസ് ബാച്ച്ലർമാരുടെ ഒരു ക്ലബ്ബാണ്. കുടുതൽ കുട്ടികളെ ഉണ്ടാക്കണമെന്ന് പറയാൻ അവർക്കൊരു അധികാരവുമില്ല, കാരണം അവരാരും തന്നെ കല്ല്യാണം കഴിച്ചിട്ടില്ല.'' ഇതാണ് ചിന്നന്റെ വീക്ഷണം. ''ആർ.എസ്.എസ് പ്രചാരകൻമാർ കല്യാണം കഴിക്കാത്തവരാണ്. അവർ വിവാഹജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ധൈര്യമില്ലാത്തവരാണ്. ഭാര്യയുടെയും മക്കളുടേയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ ധൈര്യമില്ലാത്തവരാണ് കൂടുതൽ കുട്ടികളെ ജനിപ്പിക്കണമെന്ന് പറയുന്നത്.'' എം.ഐ.എമ്മിന്റെ (ആൾ ഇന്ത്യാമജിലിസ്- എ-ഇത്തിഹാദുൽ-മുസ്ലിമിൻ) 57ാമതു സ്ഥാപകദിനത്തോടനുബന്ധിച്ചു നടത്തിയ പ്രസംഗത്തിലാണ് അക്ബറുദ്ദീൻ ഇങ്ങനെ പറഞ്ഞത്.

courtesy: Indiatoday.in

അടുത്തതവണ കീറിപ്പറഞ്ഞ വസ്ത്രങ്ങളുമായി റെയിൽവേസ്റ്റേഷനിൽ ഭിക്ഷയാചിക്കുന്ന ഒരു പെൺകുട്ടിയെ കാണുമ്പോൾ അവൾ ഹിന്ദുവാണോ മുസ്ലീമാണോ എന്ന് ചിന്തിക്കാതിരിക്കുക.



പാകിസ്താൻ ദേശീയകവി അല്ലാമാ ഇഖ്ബാൽ

ലക്ഷ്യവും ഇതുതന്നെ- ഇസ്ലാമിക സ്റ്റേറ്റ്. 1937 മുതൽ ഇങ്ങോട്ട് ഇഖ്ബാലിന്റെ സ്വാധീനം കൊണ്ടും തുടർന്ന് ഇന്ത്യാവിഭജനത്തിനുശേഷവും ഇസ്ലാമിന്റെ ഉദാഹരണങ്ങളും കഥകളും ചേർത്ത് നിറം പിടിപ്പിച്ചവയായിരുന്നു ജിന്നയുടെ പ്രസംഗങ്ങൾ. ജിന്നയുടെ ചില പ്രസ്താവനകൾ ശ്രദ്ധിക്കുക:

''കഴിഞ്ഞ ആയിരത്താണ്ടുകളായി മുസ്ലീങ്ങളെ തകർക്കാൻ ആർക്കും സാധിച്ചിട്ടില്ല.''

''ഹിന്ദുക്കളുടെ അടിമകളായി ജീവിക്കാൻ മുസ്ലീങ്ങളെ ഞാൻ ഒരിക്കലും അനുവദിക്കുകയില്ല.''

''ഹിന്ദുക്കൾ ആരാധിക്കുന്ന പശുവിനെ മുസ്ലീങ്ങൾ തിന്നുന്നു. ഹിന്ദുക്കൾ നിന്ദിക്കുന്ന വില്ലൻമാരെ മുസ്ലീങ്ങൾ സംപൂജ്യരായി കണക്കാക്കുന്നു.''

''പാക്കിസ്ഥാന്റെ ലക്ഷ്യം സ്വാതന്ത്ര്യവും പരമാധികാരവും ലഭിക്കുക മാത്രമല്ല ജീവിതത്തിന്റെ ഇസ്ലാമിക സങ്കല്പം കൂടിയാണ്.''

''പ്രവാചകനായ മുഹമ്മദിന്റെ ആത്മീയ അനുഗ്രഹം കൊണ്ടാണ് പാക്കിസ്ഥാൻ നിലവിൽ വന്നത്. ധർമ്മനിഷ്ഠരായ ഖലീഫമാരുടെ മാതൃകാരാഷ്ട്രമായി ഇനി ഇതിനെ മാറ്റേണ്ട ചുമതല പാക്കിസ്ഥാനികൾക്കാണ്.''

ജിന്നയുടെ അഭിപ്രായങ്ങൾതന്നെയായിരിക്കും ഒവെയ്സിക്കും. മെക്കയിലെ അമുസ്ലീങ്ങളുമായി അധികാരം പങ്കിടാൻ വിസമ്മതിച്ചപ്പോഴും ഹിന്ദുക്കളോടൊന്നിച്ച് ജീവിക്കുവാൻ ജിന്ന വിസമ്മതിച്ചപ്പോഴും ഒ.ബി.സി മുസ്ലീങ്ങൾക്കുള്ള സംവരണാനുകൂല്യങ്ങൾ കാണാൻ കൂട്ടാക്കാതെ ഇന്ത്യൻ രാഷ്ട്രീയ സംവാദങ്ങളിൽ ഒവെയ്സി ഇസ്ലാമികവാദം ഉയർത്തികൊണ്ടുവരുമ്പോഴും എല്ലാം ഒരേ നിഗൂഢലക്ഷ്യം തന്നെയാണ് ഇതിനൊക്കെ പുറകിലുള്ളത് എന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കും. മുസ്ലീങ്ങൾ സംവരണം ആവശ്യപ്പെടുന്നത് പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണെന്നും അല്ലാതെ മതത്തിന്റെ അവസ്ഥയിലല്ലെന്നും ജനുവരി 6ാം തിയ്യതി ബീഡ് നഗരത്തിൽവെച്ച് ഒവെയ്സി പറയുകയുണ്ടായി. ഇസ്ലാം ആണ് തങ്ങളുടെ ലക്ഷ്യമെന്ന കാര്യം അവർ നിഷേധിച്ചാലും ജിന്നയെപ്പോലെതന്നെ അയാളുടെ ആദർശങ്ങളും ഇസ്ലാമികവാദത്തിൽ അടിയുറച്ചതാണ് എന്ന് വ്യക്തമാണ്. ഇസ്ലാമിക അധീശത്വം തന്നെയാണ് ഇവരുടെയെല്ലാം അടിസ്ഥാനസങ്കല്പം.

മുസ്ലീം യുവാക്കളെ ജിഹാദികളാക്കിമാറ്റാൻ മതമൗലികവാദത്തിന് വളക്കൂറുള്ള മണ്ണായ ഹൈദരാബാദിലും മുംബൈയിലുമാണ് ഒവെയ്സിയുടെ ഇസ്ലാമികവാദം തഴച്ചുവളരുന്നത്. വിഭജനകാലത്തെ രക്തചൊരിച്ചിലിനുശേഷവും എല്ലാവരേയും ഉൾകൊള്ളുന്ന ഭരണഘടനയാണ് നാം സ്വീകരിച്ചത്. ദാരിദ്രരേഖക്കുതാഴെയുള്ള BPL കാർഡ് ഉടമകൾ, പ്രത്യേകവരുമാനപരിധിക്ക് താഴെയുള്ള സ്ത്രീകൾ, എന്നിങ്ങനെ സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേകമായി ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുകയും അതിന് മുന്നോടിയായി എല്ലാവിധ സംവരണങ്ങളും നിർത്തലാക്കുകയുമാണ് ഒവെയ്സിയുടെ ഈ രാഷ്ട്രീയലക്ഷ്യങ്ങളെ നേരിടാനുള്ള ഒരു മാർഗ്ഗം. അടുത്തതവണ കീറിപ്പറഞ്ഞ വസ്ത്രങ്ങളുമായി റെയിൽവേസ്റ്റേഷനിൽ ഭിക്ഷയാചിക്കുന്ന ഒരു പെൺകുട്ടിയെ കാണുമ്പോൾ അവൾ ഹിന്ദുവാണോ മുസ്ലീമാണോ എന്ന് ചിന്തിക്കാതിരിക്കുക. അവൾക്ക് .05 ശതമാനം സംവരണം വേണമെന്ന് നിങ്ങളുടെ മനസ്സു പറഞ്ഞാൽ അതിനേയും മറികടക്കാൻ ശ്രമിക്കുക. ബൗദ്ധികമായ പാപ്പരത്തം നിറഞ്ഞ ഇന്ത്യൻ ഭരണകർത്താക്കൾ കണ്ടെത്തിയ ഉത്തരം മാത്രമാണ് സംവരണ രാഷ്ട്രീയം. പാക്കിസ്ഥാന്റെ സൃഷ്ടിയോടെ ശാശ്വതമായ സമാധാനം കൈവരിച്ചു എന്ന് നാം ആശ്വസിച്ചതാണ്, എന്നാൽ ജിന്നയുടെ രാഷ്ട്രീയത്തെ അപകടകരമായ വിധം പുനർജ്ജീവിപ്പിക്കുകയാണ് ഇപ്പോൾ ഒവെയ്സി ചെയ്യുന്നത്.

പാക്കിസ്ഥാന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്, ഇന്ത്യൻ ഭരണഘടനമാത്രമായിരിക്കണം നമ്മുടെ മതം. ■